# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

## ബാങ്ക് വിളി: ചരിത്രവും മഹത്വവും

04/02/2022

- ഒരു കാര്യത്തെക്കുറിച്ചുള്ള അറിയിപ്പിനാണ് ഭാഷാ പരമായി أذان എന്ന് പറയുന്നത്.
- വിശുദ്ധ ഖുർആനിൽ ആ അർത്ഥം വരുന്ന ആയത്തുകൾ നമുക്ക് കാണാം.

وَأَذَانٌ مِّنَ اللَّهِ وَرَسُولِهِ إِلَى النَّاسِ يَوْمَ الْحَجِّ الْأَكْبَرِ (التوبة:٣)

- എന്നാൽ മതം നിശ്ചയിച്ചിട്ടുള്ള ചില പ്രത്യേക പദങ്ങളാൽ നമസ്കാര സമയത്തെക്കുറിച്ചുള്ള അറിയിപ്പിനാണ് മതത്തിൽ أذان എന്ന് പറയുന്നത്.
- ഹിജ്റ ഒന്നാം വർഷമാണ് ബാങ്ക് വിളി മതനിയമമാക്കപ്പെടുന്നത്.
- ആദ്യകാലത്ത് നമസ്കാരത്തിനു വേണ്ടി പ്രത്യേക വിളി ഇല്ലായിരുന്നു. പിന്നീട് 'അസ്സ്വലാതുൽ ജാമിഅഃ' എന്ന് വിളിക്കപ്പെടാൻ തുടങ്ങി. മദീനയിലെത്തിയതോടു കൂടി ബാങ്കിന്റെ നിയമവും അവതരിച്ചു.
- **ബാങ്കിന്റെ ചരിത്രം.**

اهتَمَّ النبيُّ صلَّى اللهُ عليه وعلى آلِه وسلَّمَ للصَّلاةِ، كيفَ يَجمَعُ الناسَ لها؟ فقيل له: انصِبْ رايةً عند حضورِ الصَّلاةِ، فإذا رأَوها آذَنَ بعضُهم بعضًا، فلم يعجِبْه ذلكَ. قال: فذُكِر له القُنْعُ؛ يعني: الشَّبُّورَ. وقال زيادٌ: شَبُّورُ اليَهودِ، فلم يعجِبْه ذلك، وقال: هو مِن أمرِ اليَهودِ. قال: فذُكِر له النَّاقوسُ، فقال: هو مِن أمرِ النَّصارى. فانصَرفَ عبدُ اللهِ بنُ زيدِ بنِ عبدِ ربِّه، وهو مهتَمٌّ لِهَمِّ رسولِ اللهِ صلَّى اللهُ عليه وعلى آلِه وسلَّمَ، فأُرِيَ الأذانَ في مَنامِه، قال: فغدا على رسولِ اللهِ صلَّى اللهُ عليه وعلى آلِه وسلَّمَ، فأخبرَه، فقال: يا رسولَ اللهِ، إنِّي لَبينَ نائمٍ ويَقْظانَ؛ إذ أتاني آتٍ فأَراني الأَذانَ (ابودود)

നമസ്കാരത്തിന് വേണ്ടി ജനങ്ങളെ എങ്ങനെ ഒരുമിച്ച് കൂട്ടാം എന്ന വിഷയം നബി ഗൗരവമായി കണ്ടു. നമസ്കാര സമയമാകുമ്പോൾ ഒരു കൊടി നാട്ടാമെന്നും ജനങ്ങൾ കൊടി കാണുമ്പോൾ പരസ്പരം നമസ്കാരത്തെക്കുറിച്ച് അറിയിച്ചു കൊള്ളുമെന്നും അഭിപ്രായമുണ്ടായി. പക്ഷെ നബിക്ക് അത് ഇഷ്ടപ്പെട്ടില്ല. ശംഖ് പോലുള്ളത് ഉപയോഗിക്കാമെന്ന് അഭിപ്രായം വന്നപ്പോൾ അതും നബിക്ക് ഇഷ്ടമായില്ല. അത് ജൂതന്മാരുടെ രീതിയാണെന്നാണ് നബി പറഞ്ഞത്. എങ്കിൽ നാഖൂസ് അഥവാ മണിനാദം ഉപയോഗിക്കാം എന്ന് പറഞ്ഞപ്പോൾ അത് നസാറാക്കളുടെ രീതിയാണ് എന്നും പറഞ്ഞു; ഈ അവസരത്തിൽ അബ്ദുല്ലാഹ് ബിൻ സൈദ് അവിടെ നിന്നും പിരിഞ്ഞു പോയി. ഈ വിഷയത്തിന് നബി നൽകിയിരുന്ന അതേ ഗൗരവം അദ്ദേഹവും നൽകിയിരുന്നു. അങ്ങനെ അദ്ദേഹത്തിന് ഉറക്കത്തിൽ ബാങ്ക് കാണിക്കപ്പെട്ടു. നേരം പുലർന്നപ്പോൾ അദ്ദേഹം നബിയുടെ അടുക്കൽ

വരികയും കാര്യങ്ങൾ അറിയിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ പ്രവാചകരേ, ഞാൻ ഉറക്കിനും ഉണർവ്വിനും ഇടയിലായിരിക്കെ ഒരാൾ എന്റെ അടുക്കൽ വരികയും എനിക്ക് ബാങ്ക് കാണിച്ചു തരികയും ചെയ്തു. (അബൂദാവൂദ്)

**ഇപ്രകാരമാണ് ബാങ്കിന് തുടക്കം കുറിക്കപ്പെട്ടത്.**

- മഹത്തായ പ്രതിഫലം ലഭിക്കുന്ന ഒരു ആരാധനാ കർമ്മമാണ് ബാങ്ക് വിളിക്കൽ.
- ബാങ്ക് വിളിക്കുന്നതിന്റെ മഹത്വവും അതിന് അല്ലാഹു നൽകുന്ന പ്രതിഫലവും അറിയാത്തതുകൊണ്ടാണ് ആളുകൾക്ക് അത് നിസ്സാരകാര്യമായി തോന്നിയിട്ടുള്ളത്.

**ബാങ്ക് വിളിയുടെ മഹത്വങ്ങൾ**

**1. കഴുത്ത് നീണ്ടവരായി പരലോകത്ത് വരും.**

فَقَالَ مُعَاوِيَةُ: سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: الْمُؤَذِّنُونَ أَطْوَلُ النَّاسِ أَعْنَاقًا يَوْمَ الْقِيَامَةِ

മുആവിയയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറയുന്നത് ഞാൻ കേട്ടു: ബാങ്ക് വിളിക്കുന്നവർ പുനരുത്ഥാന നാളിൽ ജനങ്ങളിൽ വെച്ച് കഴുത്ത് നീണ്ടവരായിരിക്കും. (അഥവാ ഉന്നത സ്ഥാനത്തായിരിക്കും) (മുസ്ലിം)

**ഇതവർക്ക് ശ്രേഷ്ഠതയും,അലങ്കാരവും,സൗന്ദര്യവുമായിരിക്കും.**

**2. ബാങ്ക് കേൾക്കുമ്പോൾ പിശാച് ഓടിയകലുന്നു.**

إذا نُودِيَ لِلصَّلاةِ أدْبَرَ الشَّيْطانُ له ضُراطٌ، حتَّى لا يَسْمع التَّأْذِينَ، فإذا قُضِيَ التَّأْذِينُ أقْبَلَ حتَّى إذا ثُوِّبَ بالصَّلاةِ أدْبَرَ حتَّى إذا قُضِيَ التَّثْوِيبُ، أقْبَلَ حتَّى يَخْطُرَ بيْنَ المَرْءِ ونَفْسِهِ يقولُ له: اذْكُرْ كَذا واذْكُرْ كَذا لِما لَمْ يَكُنْ يَذْكُرُ مِن قَبْلُ حتَّى يَظَلَّ الرَّجُلُ ما يَدْرِي كَمْ صَلَّى( مسلم)

നബി പറഞ്ഞു; ബാങ്ക് വിളിക്കപ്പെട്ടാൽ പിശാച് കീഴ്‌വായു പുറപ്പെടുവിച്ച് കൊണ്ട് ബാങ്ക് കേൾക്കാത്ത വിധം പിന്തിരിഞ്ഞു പോകും. ബാങ്ക് കഴിഞ്ഞാൽ തിരിച്ച് വരും. ഇഖാമത് വിളിച്ചാൽ വീണ്ടും തിരിച്ച് പോകും. ഇഖാമത് തീർന്നാൽ തിരിച്ച് വരും. അങ്ങനെ മനുഷ്യന്റെ മനസ്സിൽ വസ്വാസ് ഉണ്ടാക്കിക്കൊണ്ടിരിക്കും. മുമ്പ് ഓർക്കാത്ത കാര്യങ്ങളൊക്കെ ഓർമ്മ വരുന്ന രൂപത്തിൽ ഇന്നത് ഓർക്ക് എന്നിങ്ങനെ പറഞ്ഞു കൊണ്ടിരിക്കും. അങ്ങനെ എത്രയാണ് നമസ്കരിച്ചത് എന്ന് അറിയാത്ത അവസ്ഥ വരെ മനുഷ്യൻ എത്തിച്ചേരും.

**3. ബാങ്കിന്റെ പുണ്യം അറിഞ്ഞിരുന്നുവെങ്കിൽ**

لَوْ يَعْلَمُ النَّاسُ ما في النِّدَاءِ والصَّفِّ الأوَّلِ، ثُمَّ لَمْ يَجِدُوا إلَّا أنْ يَسْتَهِمُوا عليه لَاسْتَهَمُوا، ولو يَعْلَمُونَ ما في التَّهْجِيرِ لَاسْتَبَقُوا إلَيْهِ (بخاري)

നബി തിരുമേനി പറഞ്ഞു: ഒന്നാമത്തെ സ്വഫ്ഫിനും ബാങ്കിനുമുള്ള പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ അവർ നറുക്കിടേണ്ടി വരുമായിരുന്നു. നമസ്കാരത്തിന് നേരത്തെ എത്തുന്നതിന്റെ പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ അവർ മത്സരിക്കുമായിരുന്നു.

**4. അന്ത്യദിനത്തിൽ സർവ്വ വസ്തുക്കളും സാക്ഷ്യം വഹിക്കുന്നു.**

أنَّ أبَا سَعِيدٍ الخُدْرِيَّ، قالَ له: إنِّي أرَاكَ تُحِبُّ الغَنَمَ والبَادِيَةَ، فَإِذَا كُنْتَ في غَنَمِكَ، أوْ بَادِيَتِكَ، فأذَّنْتَ بالصَّلَاةِ فَارْفَعْ صَوْتَكَ بالنِّدَاءِ، فإنَّهُ: لا يَسْمَعُ مَدَى صَوْتِ المُؤَذِّنِ، جِنٌّ ولَا إنْسٌ ولَا شيءٌ، إلَّا شَهِدَ له يَومَ القِيَامَةِ .قال ابو سعيد سمعته من رسول الله صلى الله عليه وسلم ،(بخاري)

അബ്ദുല്ലാഹ് ബിൻ അബ്ദുറഹ്മാന് ബിന് അബീ സ്വഅ് സഅ്‌ഉൽ അൻസാരി എന്ന സ്വഹാബിയോട് അബൂ സഈദിൽ ഖുദ്‌രീ (റ) പറഞ്ഞു; ആടിനെയും താഴ്‌വരകളെയും ഇഷ്ട്ടപ്പെടുന്ന ആളാണ് താങ്കളെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനാൽ താങ്കൾ ആടുകളുടെ കൂടെയോ താഴ്‌വരയിലോ ആണെങ്കിൽ ബാങ്ക് വിളിക്കുമ്പോൾ ശബ്ദമുയർത്തി വിളിക്കുക. ബാങ്ക് വിളിക്കുന്നവന്റെ ശബ്ദം കേൾക്കുന്ന മനുഷ്യനും ജിന്നും എല്ലാ വസ്തുക്കളും അന്ത്യദിനത്തിൽ അവന് വേണ്ടി സാക്ഷി പറയാതിരിക്കുകയില്ല.
അബൂ സഈദ് പറയുന്നു.ഇത് ഞാൻ നബിയിൽ നിന്ന് കേട്ടതാണ്.

**5. ബാങ്ക് വിളിക്കുക വഴി നിരവധി പാപങ്ങൾ പൊറുക്കപ്പെടുന്നു.**

قال رسول الله صلى الله عليه وسلم. المؤذِّنُ يغفِرُ لَهُ بمدِّ صَوتِهِ ، ويشهَدُ لَهُ كلُّ رَطبٍ ويابِسٍ (النساءي)
നബി തിരുമേനി പറഞ്ഞു. മുഅദ്ദിന്റെ ശബ്ദം എത്തുന്നിടത്തോളം ദൂരത്തിൽ അവന് പൊറുത്തു കൊടുക്കപ്പെടും. അത് കേൾക്കുന്ന പച്ചയും ഉണങ്ങിയതുമായ എല്ലാം അവന് വേണ്ടി സാക്ഷി പറയും.

**6. നബിയുടെ പ്രാർത്ഥന അവർക്കുണ്ട്.**

قال رسول الله صلى الله عليه وسلم.الإمامُ ضامنٌ والمؤذنُ مؤتمنٌ اللَّهُمَّ أرشدِ الأئمةَ واغفرْ للمؤذنِين.(صحيح ابي دود)

وفي هذا الحديثِ يقولُ النبيُّ صلَّى اللهُ عليه وسلَّم: الإمامُ" في الصَّلاةِ "ضامِنٌ"؛ فهو يَحفَظُ للمُصلِّينَ الصَّلاةَ فتَكون صلاتُهم تامَّةً، "والمؤذِّنُ مُؤتمَنٌ" على الصَّلاةِ، ووَقتِها؛ فهُو يُنبِّهُ النَّاسَ على وقتِ الصَّلاةِ ووقتِ صِيامِهم وإفطارِهم.

നബി തിരുമേനി പറഞ്ഞു; ഇമാം (നമസ്കാരക്കാര്യത്തിൽ) ശ്രദ്ധയുള്ളവനാണ്. മുഅദ്ദിൻ വിശ്വസിക്കപ്പെടേണ്ടവനുമാണ്. അല്ലാഹുവേ, ഇമാമുമാരെ നേരിൽ നടത്തേണമെ, മുഅദ്ദിനുകൾക്ക് പൊറുത്തു കൊടുക്കേണമേ.

**7. അല്ലാഹു പുകഴ്ത്തുകയും സ്വർഗ്ഗം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.**

عقوبة بن عامر رضي الله عنه قال سمعت رسول الله صلى الله عليه وسلم قال. يعجَبُ ربُّكم مِن راعي غنمٍ في رأسِ شظيَّةٍ بجبلٍ، يؤذِّنُ بالصَّلاةِ ، ويصلِّي، فيقولُ اللَّهُ عزَّ وجلَّ: انظروا إلى عبدي هذا يؤذِّنُ، ويقيمُ الصَّلاةَ ، يخافُ منِّي ، قد غفَرتُ لعبدي وأدخلتُهُ الجنَّةَ (صحيح ابي داود)

ഒരു ആട്ടിടയനെ അല്ലാഹു ഇഷ്ടപ്പെടുന്നു.അദ്ദേഹം ഒരു ചെറിയ മലമുകളിലാണ്. നമസ്കാരത്തിനായി ബാങ്ക് വിളിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു പറയും; നോക്കു എന്റെ ഈ അടിമ ബാങ്ക് വിളിക്കുന്നു, ഇഖാമത് കൊടുക്കുന്നു, അവൻ എന്നെ ഭയപ്പെടുന്നു. ഞാൻ എന്റെ അടിമക്ക് പൊറുത്തു കൊടുത്തിരിക്കുന്നു. ഞാനവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

**ഇങ്ങനെ നിരവധി പ്രതിഫലങ്ങൾ കൊണ്ട് ധന്യമാണ് ബാങ്ക് എന്ന ആരാധനാ കർമ്മം. സ്വർഗ്ഗം കൊതിക്കുന്ന നമ്മളോരോരുത്തരും നന്മകൾക്ക് വേണ്ടി ധൃതിപെടുന്നവരാകണം.**

فَاسْتَبِقُوا الْخَيْرَاتِ إِلَى اللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿المائدة: ٤٨﴾

**അല്ലാഹു അവന്റെ ഇഷ്ട ദാസന്മാരെ പറ്റി പറഞ്ഞു.**

فَاسْتَجَبْنَا لَهُ وَوَهَبْنَا لَهُ يَحْيَىٰ وَأَصْلَحْنَا لَهُ زَوْجَهُ إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ ﴿الأنبياء: ٩٠﴾

أُولَٰئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا سَابِقُونَ ﴿٦١/٢٣﴾

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.
https://sufaraulislam.com/index